**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2820** — **14-09-2023 - ൽ മറുപടിയ്ക്ക്**

## വൈദ്യുതി കരാറുകൾ റദ്ദ് ചെയ്ത നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം ദീർഘകാല വൈദ്യുതി കരാറുകളാണ് റദ്ദ് ചെയ്തിട്ടുള്ളത്; റദ്ദ് ചെയ്യപ്പെട്ട കരാറുകൾ ഒപ്പുവെച്ച തീയതിയും വൈദ്യുതി വിതരണം ചെയ്യുന്നതിന് നിശ്ചയിച്ചിരുന്ന നിരക്കുകളും വൈദ്യുതി വിതരണം ചെയ്യുന്ന കാലയളവും വ്യക്തമാക്കാമോ; | (എ) | റദ്ദ് ചെയ്യപ്പെട്ട ദീർഘകാല കരാറുമായി ബന്ധപ്പെട്ട വിവരങ്ങൾ താഴെ പറയും വിധമാണ് . |

| ക്ര നമ്പർ | റദ്ദ് ചെയ്യപ്പെട്ട ദീർഘ കാല കരാറുകൾ | വിഹിതം മെഗാവാട്ടിൽ (MW) | ഒപ്പ് വെച്ച തീയതി | കേരളത്തിൽ ലഭിക്കുമ്പോൾ കൊടുക്കേണ്ട വില യൂണിറ്റിന് | കാലയള |
|---|---|---|---|---|---|
| **Bid 1** | | | | | |
| 1 | Jhabua Power Ltd | 115 | 31.12.2014 | 4.15 | 1-12-2016 to 30.11. 2041 |

| **Bid 2** | | | | | |
|---|---|---|---|---|---|
| 2 | JITPL | 100 | 29.12.2014 | 4.29 | 1-10-2017 to 30.09.2042 |
| 3 | Jhabua Power Ltd | 100 | 26.12.2014 | 4.29 | |
| 4 | Jindal power Ltd | 150 | 29.12.2014 | 4.29 | |
| | **Total** | **465** | | | |

| | | | |
|---|---|---|---|
| (ബി) | ഈ കരാറുകൾ റദ്ദ് ചെയ്യാൻ ഇടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 10.05.2023-ലെ ഉത്തരവ് പ്രകാരമാണ് ദീർഘകാല കരാറുകൾ റദ്ദാക്കിയത്. റദ്ദാക്കാനുള്ള വാദമുഖങ്ങളും സാഹചര്യങ്ങളും പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം **അനുബന്ധമായി ചേർക്കുന്നു.** |
| (സി) | റദ്ദ് ചെയ്ത കരാറുകൾക്ക് പകരം പുതിയ കരാറുകളിൽ ഏർപ്പെടുന്നതിന് ബോർഡ് റെഗുലേറ്ററി കമ്മീഷന്റെ അനുമതി തേടിയിട്ടുണ്ടോ ; അറിയിക്കുമോ; | (സി) | ദീർഘകാല കരാർ റദ്ദാക്കിയതു മൂലം വൈദ്യുതി ലഭ്യതയിൽ ഉണ്ടായ കുറവ് പരിഹരിക്കുന്നതിനായുള്ള ടെണ്ടർ വിളിക്കു ന്നതിന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിക്കുകയും ആയത് അനുവദിക്കുകയുമുണ്ടായി. ടെണ്ടർ നടപടി ക്രമങ്ങൾ പുരോഗമിക്കുകയാണ് എന്ന് കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുണ്ട്. ലാഭനഷ്ട കണക്കുകൾ സംബന്ധിച്ച കണക്കുകൾ ടെണ്ടർ നടപടികൾ പൂർത്തിയായ ശേഷം മാത്രമേ തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളു. |
| (ഡി) | എങ്കിൽ എത്ര രൂപ നിരക്കിൽ വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ ഏർപ്പെടുന്നതിനാണ് | (ഡി) | ദീർഘകാല കരാർ റദ്ദാക്കിയതു മൂലം വൈദ്യുതി ലഭ്യതയിൽ ഉണ്ടായ കുറവ് പരിഹരിക്കുന്നതിനായുള്ള ടെണ്ടർ വിളിക്കു ന്നതിന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിക്കുകയും ആയത് അനുവദിക്കുകയുമുണ്ടായി. ടെണ്ടർ നടപടി ക്രമങ്ങൾ പുരോഗമിക്കുകയാണ് എന്ന് |

| | | | |
|---|---|---|---|
| | ബോർഡ് അനുമതി തേടിയത്; വ്യക്തമാക്കുമോ; | | കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുണ്ട്. ലാഭനഷ്ട കണക്കുകൾ സംബന്ധിച്ച കണക്കുകൾ ടെണ്ടർ നടപടികൾ പൂർത്തിയായ ശേഷം മാത്രമേ തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ. |
| (ഇ) | ഇപ്രകാരം നിലവിലുണ്ടായിരുന്ന ദീർഘകാല കരാറുകൾ റദ്ദ് ചെയ്ത് പുതിയ കരാരിൽ ഏർപ്പെടുന്നതുമൂലം ബോർഡിന്റെ ലാഭനഷ്ടങ്ങളിൽ എപ്രകാരമുള്ള മാറ്റങ്ങൾ ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ഇ) | ദീർഘകാല കരാർ റദ്ദാക്കിയതു മൂലം വൈദ്യുതി ലഭ്യതയിൽ ഉണ്ടായ കുറവ് പരിഹരിക്കുന്നതിനായുള്ള ടെണ്ടർ വിളിക്കു ന്നതിന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിക്കുകയും ആയത് അനുവദിക്കുകയുമുണ്ടായി. ടെണ്ടർ നടപടി ക്രമങ്ങൾ പുരോഗമിക്കുകയാണ് എന്ന് കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുണ്ട്. ലാഭനഷ്ട കണക്കുകൾ സംബന്ധിച്ച കണക്കുകൾ ടെണ്ടർ നടപടികൾ പൂർത്തിയായ ശേഷം മാത്രമേ തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ